# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

18.06.2018-ന് മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2730

## പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സജി ചെറിയാൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടപ്പിലാക്കി വരുന്ന 'പൊതു വിദ്യാഭ്യാസ യജ്ഞ'ത്തിന്റെ ഫലമായി സ്വകാര്യ /സ്വാശ്രയ സ്കൂളുകളിൽ നിന്നും സർക്കാർ സ്കൂളുകളിലേക്ക് ഇതുവരെ എത്ര കുട്ടികൾ വന്നു ചേർന്നുവെന്ന് അറിയിക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടപ്പിലാക്കി വരുന്ന 'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞ'ത്തിന്റെ ഫലമായി സ്വകാര്യ /സ്വാശ്രയ സ്കൂളുകളിൽ നിന്നും സർക്കാർ സ്കൂളുകളിലേക്ക് ഒന്നാം ക്ലാസിൽ 5,703 കുട്ടികളും, 2 മുതൽ 9 വരെ ക്ലാസ്സുകളിൽ മുൻവർഷം പഠിച്ചിരുന്ന കുട്ടികൾക്കു പുറമേ 61,250 കുട്ടികളും പുതുതായി വന്നു ചേർന്നിട്ടുണ്ട്. 2018-19 അദ്ധ്യയന വർഷത്തെ കണക്ക് 20/06/2018 ലെ വിവര ശേഖരണം ലഭ്യമായ ശേഷം മാത്രമേ കൃത്യമായി പറയാൻ സാധിക്കൂ. |
| (ബി) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുവേണ്ടി നടത്തി വരുന്ന പ്രവർത്തനങ്ങൾക്കൊപ്പം ബധിര വിദ്യാലയങ്ങൾക്ക് വേണ്ടി എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) ബധിര വിദ്യാലയങ്ങളെ മികവിലേക്ക് ഉയർത്തുന്നതിന് വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കി, അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

(സി) ബധിര വിദ്യാലയങ്ങൾക്ക് വേണ്ടി എസ്. സി. ഇ. ആർ. ടി. തയ്യാറാക്കിയ പ്രത്യേക പാഠപുസ്തകങ്ങൾ ഏതെല്ലാം ക്ലാസ്സുകളിലേക്കുള്ളതാണെന്ന് അറിയിക്കാമോ;

(സി) ബധിര വിദ്യാർത്ഥികൾക്കുവേണ്ടി (1 മുതൽ 4 വരെ ക്ലാസുകളിലേക്കായി) തയ്യാറാക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ഒന്നാം ക്ലാസിലേക്കുള്ള ഒരു ബ്രിഡ്ജിംഗ് മെറ്റീരിയൽ 'പ്രവേശിക പാഠം' തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.ടി ഒന്നാം ക്ലാസിലേക്കുള്ള പാഠപുസ്തകം തയ്യാറാക്കി വരുന്നു. തുടർന്ന് 2,3,4 ക്ലാസിലേക്കുള്ള പാഠപുസ്തകം തയ്യാറാക്കുന്നതാണ്. വരും വർഷങ്ങളിൽ തുടർന്നുള്ള ക്ലാസുകളിലെ പാഠപുസ്തകവും തയ്യാറാക്കി നൽകുന്നതാണ്.

(ഡി) ഇത്തരത്തിൽ തയ്യാറാക്കപ്പെട്ട പുസ്തകങ്ങൾ ഈ അദ്ധ്യയന വർഷം തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ഡി) ഒന്നാം ക്ലാസിലേക്കുള്ള പാഠപുസ്തകം ഈ അദ്ധ്യയന വർഷം തന്നെ അച്ചടിച്ചു വിതരണം ചെയ്യുന്നതാണ്,

Namitha. T

സെക്ഷൻ ഓഫീസർ